# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3337 19.06.2018 ൽ മറുപടിയ്ക്ക്

### മോട്ടോർ വാഹനവകുപ്പിലെ അഴിമതി തടയൽ

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിൽ അഴിമതി ഇല്ലാതാക്കുന്നതിന് സ്വീകരിക്കുന്ന ഓൺലൈൻ പരിഷ്കാരങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ? | (എ) | കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. ഇ-പേയ് മെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർ വൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങൽ, ആൽക്കോ മീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനിക വൽക്കരണ പരിപാടി കൾ നടപ്പിലാക്കി. വകുപ്പിനു കീഴിലുള്ള എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ലൈസൻസ് പുതുക്കൽ, വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ, മേൽ വിലാസം മാറ്റൽ, ഹൈപ്പോത്തിക്കേഷൻ നോട്ട് ചെയ്യൽ, ആർ.സി. പർട്ടിക്കുലേഴ്സ്, ലൈസൻസ് പർട്ടിക്കുലേഴ്സ് തുടങ്ങിയവ അപേക്ഷകൻ നേരിട്ട് അപേക്ഷ നൽകിയാൽ അന്നേ ദിവസം തന്നെ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി നൽകി വരുന്നു. പതിനാറ് സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കി. ഫീസ്, ടാക്സ്, സെസ് മുതലായവ ഓൺ ലൈൻ വഴി അടയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി. കണ്ടക്ടർ ലൈസൻസ്, ബാഡ്ജ് എന്നിവയുടെ ടെസ്റ്റ കമ്പ്യൂട്ടർ മുഖേനയാക്കി. പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതി, ഇ-പേയ് മെന്റ് സംവിധാനം വഴി ഒടുക്കുന്നതിനുള്ള ക്രമീകരണം നിലവിലുണ്ട്.<br>ഇപ്പോൾ ലൈസൻസുമായി ബന്ധപ്പെട്ട് 10 സേവനങ്ങൾ, വാഹനവുമായി ബന്ധപ്പെട്ട് 14 സേവനങ്ങൾ എന്നിവയ്ക്കുള്ള അപേക്ഷയും ഫീസും സമർപ്പിക്കുന്നതിനും പെർമിറ്റുമായി ബന്ധപ്പെട്ട് 5 സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്ന തിനും, വാഹനത്തിന്റെ നികുതി, ഹരിത നികുതി എന്നിവ ഒടുക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് തീയതി മാറ്റുന്നതിനും, താത്കാലിക രജിസ്ട്രേഷൻ നൽകുന്നതിനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഡ്രൈവിംഗ് ടെസ്റ്റ് തീയതി മാറ്റുന്നത്, നികുതി ഒടുക്കുന്നത്, ഹരിത നികുതി ഒടുക്കുന്നത്, താത്കാലിക രജിസ്ട്രേഷൻ നൽകു ന്നത് എന്നിവ പൂർണ്ണമായി ഓൺലൈൻ സംവിധാന ത്തിലാണ്. ഈ സേവനങ്ങൾക്ക് ഓഫീസിൽ അപേക്ഷ കൻ വരേണ്ട ആവശ്യമില്ല. ബാക്കിയുള്ള സേവനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ഓൺലൈനായി ഫീസും അപേക്ഷയും സമർപ്പിക്കാമെങ്കിലും അപേക്ഷ ഓഫീസിൽ സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനത്തിൽ ആവശ്യമുള്ള മാറ്റങ്ങൾ വരുത്തി അപേക്ഷകൻ ഓഫീസിൽ വരാതെ തന്നെ സേവനം നൽകുന്നതിനു വകുപ്പ് ആലോചിക്കുന്നുണ്ട്. ഓൺലൈനായി അപേക്ഷയും ഫീസും അടയ്ക്കുവാൻ സംവിധാനമില്ലാത്ത സേവനങ്ങൾക്ക് ഓൺലൈനായി ഫീസും അപേക്ഷയും സമർപ്പിക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശം ഉണ്ട്. വകുപ്പ് നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ മാറ്റി ഓഫീസുകളിലും ചെക്ക്പോസ്റ്റുകളിലും വെബ് അധിഷ്ഠിത സോഫ്റ്റ് വെയർ നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ